പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2569 01/04/2013 ൽ മറുപടിക്ക്

## മൃഗങ്ങളെ കാണുവാൻ വാഹന സൗകര്യം

ചോദ്യം

ശ്രീ. വി.ഡി. സതീശൻ എം.എൽ.എ.

ശ്രീ. റ്റി.എൻ. പ്രതാപൻ എം.എൽ.എ.

ശ്രീ. ജോസഫ് വാഴക്കൻ എം.എൽ.എ

ശ്രീ. എ.റ്റി. ജോർജ് എം.എൽ. എ.

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി

(ബഹു.പട്ടികവർഗ്ഗക്ഷേമവുംയുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗശാലകളിൽ രോഗികൾ, വൃദ്ധർ, മുതിർന്ന പൗരന്മാർ, വികലാംഗർ, കുട്ടികൾ എന്നിവർക്ക് മൃഗങ്ങളെ കാണുവാൻ വഹനസൗകര്യം ഒരുക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. തിരുവനന്തപുരം മൃഗശാലയിൽ രോഗികൾ, വൃദ്ധർ, മുതിർന്ന പൗരന്മാർ, വികലാംഗർ, കുട്ടികൾ എന്നിവർക്ക് മൃഗങ്ങളെ കാണുന്നതിന് ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ (ബാറ്ററിയിൽ ഓടുന്ന വാഹനം) സൗകര്യം 12/3/2013 മുതൽ ആരംഭിച്ചിട്ടുണ്ട്. മ്യൂസിയം മൃഗശാല വകുപ്പ് സിഡ്കോയിൽ നിന്നും രണ്ട് 8 സീറ്റുള്ള വാഹനവും, രണ്ട് 14 സീറ്റുള്ള വാഹനവും വാങ്ങുന്നതിന് തീരുമാനിക്കുകയും, രണ്ട് 8 സീറ്റുള്ള വാഹനങ്ങൾ മൃഗശാലയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | മൃഗശാല സന്ദർശിക്കുന്ന കുട്ടികൾ, വികലാംഗർ, മുതിർന്ന പൗരന്മാർ എന്നിവർക്കും മറ്റ് സന്ദർശകർക്കും മൃഗശാല അനായാസം കാണുന്നതിന് സൗകര്യം ഒരുക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. ഈ വാഹനം പ്രവർത്തിപ്പിക്കുന്നതിന് ബോട്ടണി, സുവോളജി എന്നിവയിൽ ഏതെങ്കിലും ബിരുദവും, ഡ്രൈവിങ്ങ് ലൈസൻസുമുള്ള യുവാക്കളെ/ യുവതികളെ ദിവസവേതന/സ്പെഷ്യൽ കൂലിയടിസ്ഥാനത്തിൽ നിയോഗിക്കുകയും ഇവർ (ഡ്രൈവർ കം ഗൈഡ്), മൃഗശാലയിൽ ഓരോ പ്രത്യേക സ്ഥലത്ത് സന്ദർശകർക്ക് മൃഗങ്ങളെ കാണുന്നതിനും അവയുടെ ആവാസ വ്യവസ്ഥയെ കുറിച്ച് വിശദീകരിച്ച് കൊടുക്കുകയും ചെയ്യുക എന്ന പ്രവർത്തന രീതിയാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ എന്ന ഏജൻസിയാണ് വാഹനങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. |
| ഡി) | സംസ്ഥാനത്തെ എല്ലാ മൃഗശാലകളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇപ്പോൾ തിരുവനന്തപുരം മൃഗശാലയിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്. തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനാലും, സ്ഥല പരിമിതിയാലും നിലവിൽ തൃശ്ശൂർ മൃഗശാലയിൽ ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ